# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 52/2019(103), ചൊവ്വാഴ്ച** **തീയ്യതി 24.12.2019**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 31.2 മുതൽ 32.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.7 മുതൽ 23.3 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 61 മുതൽ 78 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 48 മുതൽ 57 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 6.2 മുതൽ 13.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 3.0 മുതൽ 9.5 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 4.6 മുതൽ 6.3 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 25.12.2019 | 26.12.2019 | 27.12.2019 | 28.12.2019 | 29.12.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 21 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 8 | 11 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 110 | 70 | 70 | 90 |
| മേഘവ്യാപ്തി (ഒക്ട്) | 4 | 3 | 3 | 3 | 4 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ മഴ ഇല്ലാത്ത സാഹചര്യത്തിലും വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| നെല്ല് (മുണ്ടകൻ) കതിരു വരുന്ന പരുവം | ഇലപ്പേൻ | നെല്ലിൽ ഇലപ്പേനിനെ കാണാൻ ഇടയുണ്ട്. ഇതിനെ നിയന്ത്രിക്കാനായി 3 മി.ലി ഇമിഡാക്ലോപ്രിഡ് 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| | ബാക്ടീരിയൽ ഇല കരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇല കരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |
| വാഴ | മാണവണ്ട് | വാഴയിൽ മാണവണ്ടിന്റെ ഉപദ്രവം കാണാൻ സാധ്യതയുണ്ട്. മുൻകരുതലായി വാഴക്കന്ന് നടുന്നതിന് മുൻപ് കന്നിന്റെ അടിഭാഗത്തിന് ചുറ്റും, ചെത്തി വൃത്തിയാക്കി ചാണക ലായനിയും ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി, മൂന്നോ നാലോ ദിവസം വെയിലത്തുവച്ചുണക്കി നടുക. കൂടാതെ വാഴക്കന്ന് ഒന്നിന് ഒരു കി.ഗ്രാം വേപ്പിൻപ്പിണ്ണാക്ക് എന്ന തോതിൽ നടുമ്പോൾ ഇട്ടുകൊടുക്കുന്നത് നല്ലതാണ്. |
| പച്ചക്കറികൾ (പയർ) | ഫ്യൂസേരിയം മൂലമുള്ള വാട്ട രോഗം | പയറിൽ ഫ്യൂസേരിയം മൂലമുള്ള വാട്ട രോഗം കാണാനിടയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം ബാവിസ്റ്റിൻ അല്ലെങ്കിൽ 2 മി.ലി. കോൺട്ടാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണു കുതിരത്തക്കവിധം 15 ദിവസം ഇടവിട്ട് മാറിമാറി ഒഴിച്ചു കൊടുക്കാവുന്നതാണ്. പൂർണ്ണമായും രോഗം ബാധിച്ച ചെടികൾ പറിച്ചു മാറ്റി നശിപ്പിക്കുകയും, തടത്തിൽ ഒരു നുള്ള് ബ്ലീച്ചിങ്ങ് പൗഡർ ചേർക്കേണ്ടതുമാണ്. |
| മുളക് | വെള്ളീച്ച | മുളകിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൾഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലിതൊഴുത്തിൽ വായുസഞ്ചാരം കൂട്ടുന്നതിന് വശങ്ങൾ തുറന്നുവയ്ക്കുന്നതിനും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരംകൂട്ടുന്നതും നല്ലതാണ്. (CAADECCS, KVASU, മണ്ണുത്തി)) | |